## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 6002

04 .11.2016-ൽ
മറുപടിയ്ക്ക്

## ജില്ലാ വികസന സമിതികൾ

**ചോദ്യം**
ശ്രീ. ബി.സത്യൻ

**മറുപടി**
ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി

(എ) വിവിധ ജില്ലകളിൽ എല്ലാ മാസവും വിളിച്ച് ചേർക്കുന്ന ജില്ലാ വികസന സമിതികളിൽ വകുപ്പുകളുടെ ജില്ലാ മേധാവികൾ പോലും പങ്കെടുക്കാത്തതും അവതരിപ്പിക്കുന്ന വിഷയങ്ങളിൽ വേണ്ടത്ര പരിഗണന ലഭിക്കാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് വേണ്ട എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(എ) & (ബി) ജില്ലകളിൽ എല്ലാ മാസവും വിളിച്ചു ചേർക്കുന്ന വികസന സമിതി യോഗത്തിൽ വിവിധ വകുപ്പുകളുടെ ജില്ലാ മേധാവികൾ പങ്കെടുക്കാറുണ്ട്. എന്നാൽ, ജില്ലാ മേധാവികൾക്ക് പങ്കെടുക്കാൻ കഴിയാതെ വരുന്ന സാഹചര്യങ്ങളിൽ ജില്ലാ കളക്ടറുടെ മുൻകൂർ അനുമതി വാങ്ങുകയും ജില്ലാ മേധാവികളുടെ പ്രതിനിധിയായി ഉത്തരവാദിത്വപ്പെടുത്തിയ ഉദ്യോഗസ്ഥർ പങ്കെടുക്കാറുള്ളതും വികസന സമിതിയോഗത്തിൽ അവതരിപ്പിക്കുന്ന വിഷയങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകൾ തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കാറുമുണ്ട്. ഇത് അടുത്ത വികസന സമിതി യോഗത്തിന്റെ അജണ്ടയിൽ ഉൾപ്പെടുത്തുകയും യോഗം ചർച്ച ചെയ്ത് ഉചിതമായി നിർദ്ദേശങ്ങൾ നൽകുകയും വിഷയങ്ങളിൽ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. എന്നാൽ, പാലക്കാട് ജില്ലയിൽ ജില്ലാ വികസന സമിതികളിൽ വകുപ്പു മേധാവികൾ പങ്കെടുക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തോട് പങ്കെടുക്കാതിരുന്നതിന്റെ വിശദീകരണം ആവശ്യപ്പെടുകയും തുടർന്നുള്ള യോഗങ്ങളിൽ നിർബന്ധമായും പങ്കെടുക്കണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ